പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.*243.

11.12.2014 ൽ
മറുപടിയ്ക്ക്

## കോളേജുകളുടെ സ്വയംഭരണ പദവി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ .എം.ഹംസ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.ടി.വി.രാജേഷ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇതുവരെ എത്ര കോളേജുകളെയാണ് സ്വയംഭരണ പദവിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ; | (എ) 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനാണ് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നത്. |
| (ബി) എന്തെല്ലാം മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് സ്വയംഭരണ പദവി നൽകുന്നതെന്ന് അറിയിക്കാമോ ; | (ബി) നാക്കിന്റെ (NAAC)ന്റെ എ ഗ്രേഡ് അക്രെഡിറ്റേഷൻ നേടിയിരിക്കണം, ബിരുദ ബിരുദാനന്തര അനുപാതം എന്നീ മാനദണ്ഡങ്ങളാണ് സ്വയംഭരണപദവി അനുവദിക്കുന്നതിനു അടിസ്ഥാന യോഗ്യതകളായി പരിഗണിച്ചത്. |
| (സി) വിദഗ്ദ്ധ സമിതിയുടെ മാർക്കും നാക് ഗ്രേഡിംഗ് സ്കോറും ആദ്യം എത്രയായാണ് നിശ്ചയിച്ചിരുന്നത് ; | (സി) യും (ഡി) യും വിദഗ്ദ്ധ സമിതിയുടെ മാർക്കും നാകിന്റെ ഗ്രേഡിംഗ് സ്കോറും സംബന്ധിച്ച് മുൻകൂട്ടി നിശ്ചിച്ചിരുന്നില്ല. സ്വയംഭരണാവകാശം നേടുന്നതിനായി അപേക്ഷ സമർപ്പിച്ച കോളേജുകളിൽ നാക്കിന്റെ എ ഗ്രേഡ് നേടുകയും ബിരുദ ബിരുദാനന്തര അനുപാതം പാലിക്കുകയും ചെയ്യുന്ന 28 കോളേജുകളിൽ നേരിട്ട് പരിശോധന നടത്തുന്നതിന് സ്വയംഭരണ അംഗീകാര സമിതി ഉപസമതിയെ നിയോഗിക്കുകയുണ്ടായി.സ്വയംഭരണ അംഗീകാര സമിതിയുടെ 23.12.2013 ൽ ചേർന്ന യോഗത്തിലാണ് ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 70 മാർക്കിന് മുകളിൽ നേടിയ കോളേജുകളെയും 50 നും 70 നും ഇടയിൽ മാർക്ക് നേടുകയും നാക്കി (NAAC) ന്റെ ഗ്രേഡിങ്ങിൽ (Critrion- |

wise Grade Point Average) 3.5 ൽ മുകളിൽ അംഗീകാരം ലഭിച്ചിട്ടുള്ള കോളേജുകളും ഉൾപ്പെടെ ആകെ 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചത്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം, എം.ഇ.എസ് കോളേജ്, മാമ്പാട് എന്നിങ്ങനെ രണ്ടു കോളേജുകളാണ് നാക്കി (NAAC) ന്റെ ഗ്രേഡിങ്ങിലെ മികവിൽ സ്വയംഭരണപദവിയ്ക്കായി അർഹത നേടിയത്.

(ഡി) പിന്നീട് മാറ്റം വരുത്തുകയുണ്ടായോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; മാറ്റം വരുത്തിയത് മൂലം അധികമായി എത്ര കോളേജുകൾ സ്വയംഭരണ പദവിക്ക് അർഹത നേടും എന്നറിയിക്കാമോ ; അവ ഏതെല്ലാം ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ നടപടിയിൽ ചാൻസലർ കൂടിയായ ഗവർണ്ണർ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ?

(ഇ) ഇല്ല.സ്വയംഭരണപദവിയ്ക്കായി ശുപാർശ ചെയ്ത കോളേജുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഇക്കാര്യത്തിൽ കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷയിന്മേൽ രണ്ടു മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഹൈക്കോടതി മാഹാത്മാഗാന്ധി സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണ്ണറോട് നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് ചാൻസലർ കോളേജിന്റെ അപേക്ഷയിന്മേൽ സർക്കാരിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടായിരുന്നു. ബഹു.ചാൻസലർ, ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ പരിശോധിച്ച് തള്ളി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ